## ആഭ്യന്തര വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ ജോലിഭാരം

112 (3139) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആഭ്യന്തര വകുപ്പിൻകീഴിലുള്ള ജില്ലാ ഓഫീസുകളിലെ ഫെയർകോപ്പി വിഭാഗത്തിൽ ജോലിചെയ്യുന്ന ടൈപ്പിസ്റ്റുമാരെ നിലവിലുള്ള ജോലിക്ക് പുറമെ ക്ലെറിക്കൽ വിഭാഗങ്ങളുടെ ചുമതലകൂടി നൽകുന്നതിനാൽ ഇവരുടെ ജോലിഭാരം വർദ്ധിക്കുന്നതായ നിലവിലെ ആക്ഷേപം പരിശോധിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പോലീസ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി iAPS നടപ്പിലാക്കിയ സാഹചര്യത്തിൽ ടി തസ്തികയിലെ പ്രവൃത്തികൾ ക്രമീകരിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനായി എ.ഡി.ജി.പി-യുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2 ടൈപ്പിസ്റ്റ് തസ്തികകൾ പോലീസ് വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്.

## പോലീസ് സേനയിലെ ഒഴിവുകൾ നികത്താൻ നടപടി

113 (3140) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ വനിതാ പ്രാതിനിധ്യം 15% വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കേരള പോലീസിൽ വനിതാ പ്രാതിനിധ്യം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കോവിഡ്, ഇലക്ഷൻ എന്നീ കാരണങ്ങളാൽ നിയമനം, പ്രൊമോഷൻ എന്നിവ യഥാസമയം നടക്കാത്തതിനാൽ, കാറ്റഗറി നമ്പർ 653/2017 വനിതാ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലുൾപ്പെട്ടവരുടെ അവസരം നഷ്ടപ്പെടാതിരിക്കാൻ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ ?

നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ബറ്റാലിയനുകളിൽനിന്നും എ.ആർ. ക്യാമ്പുകളിലേയ്ക്ക് 100-ൽ അധികം പേരെ മാറ്റി നിയമിക്കപ്പെട്ടതുവഴി വന്ന ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly